



# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## നഷ്ടമാകുന്ന 9797 വിലാസങ്ങൾ



**ആഗോളവത്കരണ** നയങ്ങളുടെ ഭാഗമായി ഒരു ജനകീയ സർവീസെന്ന നിലയിൽ നിന്നും ലാഭം നൽകേണ്ട വ്യവസായമായി തപാൽ സർവീസിനെ കണക്കാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള 9797 ഡിപ്പാർട്ട്മെന്റൽ സബ്ബ് പോസ്റ്റോഫീസുകൾ തത്വദീക്ഷയില്ലാതെ അടുച്ചുപൂട്ടാൻ പോസ്റ്റൽ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഡെലിവറി പോസ്റ്റോഫീസുകൾക്ക് അഞ്ച് കിലോമീറ്ററും ബ്രാഞ്ച് പോസ്റ്റോഫീസുകൾക്ക് മൂന്ന് കിലോമീറ്ററും ദൂരപരധി നിശ്ചയിച്ചുകൊണ്ടും വരുമാനത്തിലെ ഏറ്റക്കുറവുകൾ പരിഗണിച്ചുകൊണ്ടുമാണ് തീരുമാനം. സ്റ്റാമ്പ് വിൽപ്പന, കത്തുകൾ പോസ്റ്റ് ചെയ്യൽ, രജിസ്ട്രേഷൻ, സ്പീഡ്പോസ്റ്റ്, സേവിംഗ്സ് ബാങ്ക് സൗകര്യങ്ങൾ, പ്രതിമാസ നിക്ഷേപ പദ്ധതി, മണി ഓർഡർ, സീനിയർ സിറ്റിസൺസ് അക്കൗണ്ടുകൾ, പെൻഷൻ വിതരണ പദ്ധതി തുടങ്ങിയ എല്ലാ സർവീസുകൾക്കും ജനങ്ങൾ ദൂരം താണ്ടി ഹെഡ്പോസ്റ്റോഫീസിലോ സബ്ബ് പോസ്റ്റോഫീസിലോ പോകേണ്ടിവരും. ഇന്ത്യയിൽ ആകെയുള്ള 27,360 ഡിപ്പാർട്ട്മെന്റ് സബ്പോസ്റ്റോഫീസുകളുടെ മൂന്നിലൊന്ന് ഓഫീസുകളാണ് ഈവിധം അടച്ചുപൂട്ടുന്നത്. കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന നിലവിലുണ്ടായിരുന്ന 315 സ്പീഡ്പോസ്റ്റ് സെന്ററുകൾ ഇല്ലാതാക്കി 89 ഹബ്ബുകൾ തുടങ്ങി. നിലവിലുള്ള 548 ആർ.എം.എസ് ഓഫീസുകൾ വെറും 77 ആയി ചുരുങ്ങും. പോസ്റ്റ് ഷോപ്പി എന്ന പേരിൽ സ്വകാര്യ പോസ്റ്റോഫീസുകൾ തുറക്കാനാണ് ഈ നീക്കം. അന്താരാഷ്ട്ര കുത്തക കൺസൾട്ടൻസിയായ മെക്കൻസിയാണ് ഈ നീക്കങ്ങൾക്ക് പിന്നിൽ. സ്വകാര്യകുത്തകകളെ വഴിവിട്ട് പ്രോത്സാഹിപ്പിക്കുന്ന ഇത്തരം നടപടികൾ ഇപ്പോൾത്തന്നെ തപാൽ രംഗത്ത് നിരവധി പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. 1898ലെ ഇന്ത്യൻ പോസ്റ്റോഫീസ് ആക്ട് നിലനിൽക്കെതന്നെയാണ് നിയമവിരുദ്ധമായി കൊറിയർ സ്ഥാപനങ്ങൾ യഥേഷ്ടം കൊള്ള ബിസിനസ് നടത്തുന്നത്. ജനോപകാരപ്രദമായ രീതിയിൽ സർവീസ് നടത്താൻ മിക്ക കൊറിയർ സ്ഥാപനങ്ങൾക്കും കഴിയുന്നുമില്ല. വിനിമയങ്ങളുടെ കാവലാളായ ഈ ജനോപകാര സേവനത്തെ എന്തുവിലകൊടുത്തും നിലനിർത്തേണ്ടതുണ്ട്.


**തപാൽ – ആർ.എം.എസ് ജീവനക്കാർ**

എം.കെ. ഗാന്ധി



അരുന്ധതിറോയ്



നോംചോംസ്കി



ടി.വി. അച്യുതവാര്യർ

**ഞങ്ങൾ യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നു എന്ന് എല്ലാ മാധ്യമങ്ങളും ആണയിടുന്നു... ഫലത്തിൽ സംഭവിക്കുന്നതെന്ത്?**

ഉടൻ പുറത്തിറങ്ങുന്നു

കേരളീയം

**പ്രത്യേകലക്കം**

**സാമൂഹിക നീതിക്കായുള്ള മാധ്യമപ്രവർത്തനം**